# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/223/2017 2017 ഒക്ടോബർ 27

## പത്രക്കുറിപ്പ്

### എം.ജി. പ്രൈവറ്റ്/റഗുലർ പരീക്ഷകൾ ഏകീകരിച്ചിട്ടില്ല

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്ക് റഗുലർ പഠനം നടത്തുന്നവർക്കാപ്പം പരീക്ഷകൾ നടത്തുമെന്നും തുല്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുമെന്നുമുള്ള പത്രവാർത്തകൾ അടിസ്ഥാനരഹിതവും തെറ്റിദ്ധരിപ്പിക്കുന്നതുമാണ്. ഇത്തരം വാർത്തകളിൽ വിദ്യാർത്ഥികൾ വഞ്ചിതരാകരുതെന്ന് സർവ്വകലാശാല അറിയിക്കുന്നു. പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്ക് റഗുലർ കോഴ്സിനോട് തുല്യതയ്ക്ക് അക്കാദമിക തലത്തിൽ പരിശോധിച്ച് ബന്ധപ്പെട്ട അക്കാദമി സമിതിയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് ബാധകമായ പരീക്ഷാ ചട്ടങ്ങൾക്കും ഇന്റേണൽ സംബന്ധിച്ച വ്യവസ്ഥകൾക്കും നിലവിൽ യാതൊരുവിധ മാറ്റവും വരുത്തി സർവ്വകലാശാല ഉത്തരവിറക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് സർവ്വകലാശാലയ്ക്ക് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

### നവംബർ 1 മുതൽ എം.ജി.യിൽ ഫീസുകൾ ഓൺലൈനായി മാത്രം

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നവംബർ 1 മുതൽ വിവിധ ഫീസുകൾ സ്വീകരിക്കുന്നതിന് ഓൺലൈൻ പേമെന്റ് സംവിധാനം നിലവിൽ വരും. ഇതോടെ സർവ്വകലാശാലാ ക്യാഷ് കൗണ്ടറും ജനസേവന കേന്ദ്രങ്ങൾ മുഖേനയും എസ്.ബി.ഐ.യുടെ വിവിധശാഖകൾ എന്നിവിടങ്ങളിൽ നേരിട്ട് ഫീസടയ്ക്കാനുള്ള സൗകര്യം നവംബർ ഒന്നു മുതൽ നിർത്തലാക്കും. വിദ്യാർത്ഥികൾ, കോളേജുകൾ, സർവ്വകലാശാലയുടെ മറ്റ് ഗുണഭോക്താക്കൾ എന്നിവർക്ക് നവംബർ ഒന്നു മുതൽ സർവ്വകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രവേശിച്ച് 'ഇ പേമെന്റ്' എന്ന ലിങ്കിലൂടെയോ epay.mgu.ac.in എന്ന വെബ്സൈറ്റിലൂടെയോ ഫീസ് ഒടുക്കാവുന്നതാണ്. ഓൺലൈൻ പേമെന്റ് നിലവിൽ വരുന്നതോടെ ഏതു സമയത്തും ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകളുപയോഗിച്ചും ഇന്റർനെറ്റ് ബാങ്കിംഗ് വഴിയും ഫീസൊടുക്കുന്നതിന് സൗകര്യമുണ്ടാവും. അപേക്ഷകർ ഓൺലൈനായി ഫീസൊടുക്കുമ്പോൾ ലഭിക്കുന്ന രസീതിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതും ഒരു കോപ്പി അപേക്ഷയോടൊപ്പം സർവ്വകലാശാലാ തപാൽ സെക്ഷനിൽ സമർപ്പിക്കേണ്ടതുമാണ്. ഓൺലൈൻ പേമെന്റിനായി അപേക്ഷകന് അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. വിശദമായ വിവരങ്ങളും നിർദ്ദേശങ്ങളും സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഇതോടനുബന്ധിച്ച് ഹെൽപ്പ്ലൈൻ നമ്പരുകളും ഓൺലൈൻ പേമെന്റിനായുള്ള പ്രത്യേക സെക്ഷനും സർവ്വകലാശാല ഒരുക്കിയിട്ടുണ്ട്. നവംബർ ഒന്നു മുതൽ വിദ്യാർത്ഥികളും കോളേജ് അധികൃതരും മറ്റ് രീതികളിൽക്കൂടി ഫീസൊടുക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ഓൺലൈനായല്ലാതെ ഫീസൊടുക്കുകയാണെങ്കിൽ അത്തരം രസീതുകൾ സർവ്വകലാശാലയിൽ സ്വീകരിക്കുന്നതല്ല. ഹെൽപ്പ്ലൈൻ നമ്പരുകൾ: 0481 - 2733434, 0481 - 6555563. ഇമെയിൽ: epayhelp@mgu.ac.in.

### അപേക്ഷാ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ പത്താം സെമസ്റ്റർ പഞ്ചവത്സര ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ്, 2015ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകൾ പിഴയില്ലാതെ നവംബർ 3 വരെയും 50 രൂപ പിഴയോടെ 4 വരെയും 500 രൂപ സൂപ്പർഫൈനോടെ 6 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതവും

(പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

അഫിലിയേറ്റഡ് കോളേജുകളിലെ പത്താം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി., ആറാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (കോമൺ) പരീക്ഷകൾ നവംബർ 17ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 3 വരെയും 50 രൂപ പിഴയോടെ 4 വരെയും 500 രൂപ സൂപ്പർഫൈനോടെ 6 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിൽ 20 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

ഒന്നാം സെമസ്റ്റർ എം.എഡ്. (ദ്വിവത്സരം), 2017 അഡ്മിഷൻ റഗുലർ/2015 & 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 6 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 10 വരെയും 50 രൂപ പിഴയോടെ 13 വരെയും 500 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 50 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

**പ്രാക്ടിക്കൽ**

മൂന്നാം സെമസ്റ്റർ എം.ടെക് സപ്ലിമെന്ററി – ജൂൺ 2017 പരീക്ഷയുടെ പ്രാക്ടിക്കലും വൈവാവോസിയും ഒക്ടോബർ 31ന് ചെറുകുന്നം കെ.എം.പി. കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭിക്കും.

രണ്ടും മൂന്നും സെമസ്റ്റർ എം.ടെക് സപ്ലിമെന്ററി – ഒക്ടോബർ 2017 പരീക്ഷയുടെ പ്രാക്ടിക്കലും വൈവാവോസിയും യഥാക്രമം ഒക്ടോബർ 30, 31 എന്നീ തീയതികളിൽ ചെറുകുന്നം കെ.എം.പി. കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭിക്കും.

**സർട്ടിഫിക്കറ്റ് വിതരണം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേണിംഗ് ആന്റ് എക്സ്റ്റെൻഷൻ 2017 ആഗസ്റ്റിൽ നടത്തിയ സർട്ടിഫിക്കറ്റ്/ഡിപ്ലോമാ കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. കൗൺസലിംഗ് കോഴ്സ് സർട്ടിഫിക്കറ്റുകൾ ഒക്ടോബർ 30നും, മാനേജ്മെന്റ് ഓഫ് ലേണിംഗ് ഡിസെബിലിറ്റി കോഴ്സ് സർട്ടിഫിക്കറ്റുകൾ 31നും വിതരണം ചെയ്യും. യോഗിക് സയൻസ്, ഓർഗാനിക് ഫാമിംഗ് എന്നീ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ യഥാക്രമം നവംബർ 1, 2 തീയതികളിലും, ഡിപ്ലോമ ഇൻ യോഗിക് സയൻസ്, ഡിപ്ലോമ ഇൻ ഓർഗാനിക് ഫാമിംഗ് എന്നീ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ യഥാക്രമം നവംബർ 3, 6 എന്നീ തീയതികളിലും വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481–2731560, 2731724.

**ബാങ്ക് ടെസ്റ്റ് പരിശീലനം**

വിവിധ ബാങ്കുകളിലേക്ക് നിയമനത്തിനായി നടത്തുന്ന മത്സര പരീക്ഷകൾക്കുള്ള പരിശീലനം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ഒക്ടോബർ 30 മുതൽ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2731025.

**പരീക്ഷാഫലം**

2017 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പാലാ സെന്റ് തോമസ് കോളേജിലെ നിഥിൻ ജോസ്, അൽഫോൺസാമ്മാ ഫ്രാൻസിസ്, സൂര്യാ രാജു എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 8 വരെ അപേക്ഷിക്കാം.

2017 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. സോഷ്യോളജി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. കോതമംഗലം മാർ അത്തനേഷ്യസ് കോളേജിലെ ലിബിൻലാൽ എൽ, സി.എം.എസ്. കോളേജിലെ കീർത്തി പി.എസ്., ജോസിമോൾ തോമസ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 8 വരെ അപേക്ഷിക്കാം.

സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് 2017 സെപ്തംബർ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**റിസർച്ച് ഫെലോ ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബയോസയൻസസിൽ കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ, കേരള ബയോടെക്നോളജി കമ്മീഷൻ എന്നിവയുടെ അംഗീകാരമുള്ള പ്രോജക്ടിൽ ഒരു താല്ക്കാലിക റിസർച്ച് ഫെലോയുടെ ഒഴിവുണ്ട്. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**